# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2298 05.02.2018 ലെ മറുപടിയ്ക്ക്

**ട്രഷറികളിൽ നിന്നും മികച്ച സേവനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ**

**ചോദ്യം**
ശ്രീ. പി.ടി. തോമസ്
ശ്രീ. അനൂപ് ജേക്കബ്
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ. എം. വിൻസെന്റ്

**ഉത്തരം**
ഡോ. റ്റി.എം. തോമസ് ഐസക്
**ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി**

| ചോദ്യം | ഉത്തരം |
|---|---|
| (എ) ട്രഷറികൾ ആധുനീകരിക്കുന്നതിനും ജനങ്ങൾക്ക് മികച്ച സേവനം ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ; | ട്രഷറികൾ ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്.<br>1) ഐ.എഫ്.എം.എസ് (സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം)<br>ട്രഷറി ഇടപാടുകൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി നവീകരിക്കുന്ന പദ്ധതിയാണ് ഇത്. പൂർണ്ണമായും കടലാസ് രഹിത കറൻസി രഹിത ഇടപാടുകളിലേക്ക് മുഴുവൻ ട്രഷറി ഇടപാടുകളും മാറ്റുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം. ഈ സംവിധാനം നടപ്പിലായതോടുകൂടി ട്രഷറി ഇടപാടുകൾ കൂടുതൽ സുതാര്യവും വേഗത്തിലും ആയി തീർന്നു. ഇടപാടുകാർക്ക് ട്രഷറിയിൽ എത്താതെ തന്നെ സേവനങ്ങൾ ലഭിക്കുന്ന തരത്തിൽ ഓൺലൈൻ സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക ഇടപാടുകളിൽ തുക നേരിട്ട് ഇടപാടുകാരുടെ അക്കൗണ്ടിൽ വരവ് വയ്ക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ കറൻസിയുടെ ഉപയോഗവും പരമാവധി കുറയ്ക്കുവാൻ സാധിച്ചു.<br><br>2) ടി.ഐ.ഡി.പി (ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതി )<br>ഇടപാടുകാർക്ക് കൂടുതൽ ഭൗതിക സൗകര്യം ഏർപ്പെടുത്തുന്നതിനായി ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ കീഴിൽ ട്രഷറി കെട്ടിടങ്ങൾ കൂടുതൽ ഉപഭോക്തൃ സൗഹൃദമായ രീതിയിൽ |

| | |
|---|---|
| | നവീകരിക്കുകയും പുനർനിർമ്മിക്കുകയും ചെയ്യുന്നു. ഈ പദ്ധതി പൂർത്തിയാകുന്നതോടു കൂടി ആധുനിക ബാങ്കിങ് ഇടപാട് സ്ഥാപനങ്ങളുമായി കിടപിടിക്കുന്ന രീതിയിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഇടപാടുകാർക്ക് ലഭ്യമാകുന്നതാണ്. |
| (ബി) ട്രഷറികളിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; | ഉണ്ട്. സംസ്ഥാനത്തെ ട്രഷറി ഇടപാടുകൾ പൂർണ്ണമായും ഐ.എഫ്.എം.എസ്. സംവിധാനത്തി ലൂടെയാണ് ഇപ്പോൾ നടത്തുന്നത്. ഇടപാടുകാർക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മൊബൈൽ ബാങ്കിങ്, ഇന്റർനെറ്റ് ബാങ്കിങ്, കടലാസ്സ് രഹിത ഇടപാടുകൾ തുടങ്ങിയവയുടെ പ്രവർത്തനം പുരോഗമിക്കുന്നു. ഈ സാമ്പത്തിക വർഷാവസാനത്തോടു കൂടി ഇവയും ഏർപ്പെടു ത്തുന്നതാണ്. |
| (സി) ഇടപാടുകാർക്ക് വീട്ടിലിരുന്നുകൊണ്ട് യൂട്ടിലിറ്റി പേയ്മെന്റുകൾ നടത്തുന്നതിനുള്ള നെറ്റ് ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്ന നടപടി ഏത് ഘട്ടത്തിലാണ്; | ഇടപാടുകാർക്ക് നെറ്റ് ബാങ്കിംങ് ഏർപ്പെടുത്തുന്ന തിനുള്ള സോഫ്റ്റ് വെയറിന്റെ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. ആയതിന്റെ സെക്യൂരിറ്റി ഓഡിറ്റിങ് നടപടികൾ പുരോഗമിക്കുന്നു. പുതിയ സാമ്പത്തിക വർഷം മുതൽ ഈ സൗകര്യം ഇടപാടുകാർക്ക് ലഭ്യമാകുന്നതാണ്. അപ്പോൾ യൂട്ടിലിറ്റി പേയ് മെന്റുകൾ നടത്തുന്നത് സാധ്യമാകുന്നതാണ് |
| (ഡി) പെൻഷൻകാർക്ക് വേണ്ടിയുള്ള പബ്ളിക് പോർട്ടൽ നിലവിൽ വന്നിട്ടുണ്ടോ; അതിലൂടെ നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണ്; | ഉണ്ട്. പെൻഷൻകാരുടെ പെൻഷൻ സംബന്ധമായ വിവരങ്ങൾ; പ്രതിമാസ പെൻഷൻ, കുടിശ്ശിക വരവ് വച്ചതിന്റെ വിവരങ്ങൾ, ആദായ നികുതി സംബന്ധമായ കാര്യങ്ങൾ തുടങ്ങിയ വിവരങ്ങൾ ഈ പോർട്ടൽ വഴി പെൻഷൻകാർക്ക് ലഭ്യമാണ്. |
| (ഇ) സംസ്ഥാന ട്രഷറികളെ യൂസർ ഫ്രണ്ട് ലിയാക്കുന്നതിനും അതിലൂടെ വാണിജ്യബാങ്കുകൾ നൽകുന്നതിന് സമാനമായ രീതിയിൽ ഉള്ള സർവീസുകൾ ട്രഷറികളിൽ നിന്നും നൽകുന്നതിനും നടപടി സ്വീകരിക്കുമോ; | സ്വീകരിച്ചിട്ടുണ്ട്. ഈ ഉദ്ദേശം സാക്ഷാൽക്കരി ക്കുന്നതിന്റെ ഭാഗമായിട്ടാണ് ഐ.എഫ്.എം.എസ്-ഉം ടി.ഐ.ഡി.പി-യും ട്രഷറി വകുപ്പിൽ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതികൾ പൂർണ്ണമാകുന്നതോടുകൂടി ഏത് ആധുനിക ബാങ്കുകളോടും കിടപിടിക്കുന്ന രീതിയിലോ അതിലും മെച്ചപ്പെട്ട രീതിയിലോ ട്രഷറികൾ മാറുകയും സേവനങ്ങൾ ഇടപാടുകാർക്ക് അപ്രകാരം ലഭ്യമാകുന്നതുമാണ്. |
| (എഫ്) ഇക്കാര്യത്തിനായി അധിക സമയം ജോലിചെയ്യുന്ന ജീവനക്കാർക്ക് പ്രത്യേക ഇൻസെന്റീവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | നിലവിൽ ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ